വിട്ടിരിക്കുയാണ്. അവർക്ക് ആനുകൂല്യങ്ങളും കൊടുത്തില്ലെന്നു മാത്രമല്ല അവരുടെ ബാങ്ക് ഡെപ്പോസിറ്റ് പിൻവലിക്കാൻ ഗവൺമെൻറ് അനുവദിക്കുന്നില്ല. കേരളത്തിൽനിന്ന് അവിടെ പോയി പണിയെടുത്ത ആയിരക്കണക്കിനു മലയാളികളുടെ പ്രധാനപ്പെട്ട പ്രശ്നമെന്നുള്ളതിനാലയ്ക്ക് കേന്ദ്ര ഗവൺമെൻറുമായി ബന്ധപ്പെട്ട് ഇതിന് ഒരു പരിഹാരം കാണണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ ഒരുകാലത്ത് നൈജീരിയായിൽ ഇവിടെനിന്ന് ധാരാളം മലയാളികൾ പോയി ജോലി ചെയ്തിരുന്നു. വരുമാനത്തിൻെറ അമ്പത് ശതമാനം വരെ നാട്ടിലേക്ക് അയയ്ക്കാമായിരുന്നു. എന്നാൽ അവിടത്തെ ഗവൺമെൻറിൻെറ സാമ്പത്തികത്തകർച്ചയുടെ കാരണത്താൽ അവിടെ ജോലിയിൽ പ്രവേശിച്ചിട്ടുള്ള ആളുകൾക്ക് ഇൻഡ്യയിലേക്ക് അത്രയും പണം അയയ്ക്കാൻ ഇപ്പോൾ അനുവദിക്കുന്നില്ല. മാത്രമല്ല അവിടെയുള്ള ബാങ്ക് നിക്ഷേപവും വിടേണ്ടപോലും കൊണ്ടുവരാൻ അനുവദിക്കുന്നില്ല. അന്തരിച്ച പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധിയുടെ ശ്രദ്ധയിലും ഇക്കാര്യം പെടുത്തിയിരുന്നു. ഒന്നുരണ്ടു പ്രാവശ്യം ഈ കാര്യം കേന്ദ്ര ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര ഗവൺമെൻറ് ആ കാര്യത്തിൽ ചില നടപടി സ്വീകരിച്ചിട്ടുണ്ട്. തുടർന്നും നൈജീരിയായിലെ മലയാളികളുടെ കാര്യത്തെ സംബന്ധിച്ച് കേന്ദ്ര ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

(16) പെരുമാതുറ-അഴൂർ റോഡ് പണി പൂർത്തിയാക്കൽ

ശ്രീ. പി. വിജയദാസ് : സർ, പതിനാല് വർഷമായി മുടങ്ങിക്കിടക്കുന്ന ഒരു റോഡിൻെറ പണിയാണ് ഞാൻ ഗവൺമെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. പെരുമാതുറ-അഴൂർ റോഡ്, പെരുമാതുറ പ്രദേശത്തുള്ള ആളുകൾക്ക് ആറ്റിങ്ങൽ നിയോജകമണ്ഡലവുമായി ബന്ധപ്പെടണമെങ്കിൽ ആറ്റിങ്ങൽ വരണമെന്നുണ്ടെങ്കിൽ കഴക്കൂട്ടം നിയോജകമണ്ഡലം മുഴുവൻ ചുറ്റി മാത്രമേ വരാൻ കഴിയുകയുള്ളൂ. പതിനാല് വർഷങ്ങൾക്കു മുമ്പു തുടങ്ങിയ ഈ റോഡിൻെറ പണി പൂർത്തിയാകാതെ ഇപ്പോഴും അവശേഷിക്കുന്നു. ഒന്നുരണ്ടു കേസുകളും ഉണ്ടായിരുന്നു. ആ കേസുകളൊക്കെ തീർന്നുവെന്നാണ് ഞാൻ മനസ്സിലാക്കിയത്. വളരെ ചെറിയ തുക കൊണ്ട് പൂർത്തിയാക്കാവുന്ന ഈ റോഡിൻെറ പണി അടിയന്തിരമായി ചെയ്തു തീർത്ത് ആ പ്രദേശത്തെ ആളുകളുടെ ചിരകാലാഭിലാഷം സാക്ഷാൽക്കരിക്കണമെന്ന് ഞാൻ വിനയപൂർവ്വം മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർ കുട്ടി നഹ) : ഈ വർക്കിന് 20-3-1980-ൽ 8.56 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി കൊടുത്തു. 1980-ൽ കരാർ കൊടുത്തു. 1982-ൽ അവസാനിപ്പിക്കേണ്ടതായിരുന്നു. ശേഷിച്ചപണിക്ക് 4-4-1982-ൽ കരാർ കൊടുത്തു. മുൻകരാറുകാരൻ 1-12-1983-ൽ കോടതിയിൽ നിന്ന് സ്റ്റേ ആർഡർ വാങ്ങി. ഇതുമൂലം പണി തുടരാൻ കഴിയാതെ വന്നു. ആകയാൽ റിസ്ക് കോസ്റ്റ് കൂടാതെ നിലവിലുള്ള കരാർ അവസാനിപ്പിക്കാൻ നടപടി സ്വീകരിച്ചുകഴിഞ്ഞു. കോടതി സ്റ്റേ മാറിയിട്ടുള്ളതുകൊണ്ട് ശേഷിച്ച പണി പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഇതിന് ഒരു ലക്ഷം രൂപ ഇപ്പോൾ വകകൊള്ളിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly